**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6508** **20-03-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർമീറ്റർ സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ടർമീറ്റർ-സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി വാട്ടർ മീറ്റർ - സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി പരീക്ഷണാർത്ഥം പാറ്റൂർ, പാളയം, തൊടുപുഴ എന്നീ ഓഫീസുകളിൽ ഈ സംവിധാനം നിലവിൽ ഉപയോഗിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഉടനടി വ്യാപിക്കുന്നതിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുതിയ വാട്ടർ കണക്ഷൻ, സ്വീവേജ് കണക്ഷൻ, മറ്റ് ഉപഭോക്തൃ സേവനങ്ങൾ എന്നിവയ്ക്കുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിന് ഇ-ടാപ്പ് സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ 2022 മുതൽ പുതിയ വാട്ടർ കണക്ഷൻ, സ്വീവറേജ് കണക്ഷൻ, മറ്റ് ഉപഭോക്തൃ സേവനങ്ങൾ എന്നിവയ്ക്കുവേണ്ടി ഓൺലൈൻ സോഫ്റ്റ്‌വെയർ ഇ-ടാപ്പ് കേരളം ഒട്ടാകെയുള്ള ആഫീസുകളിൽ ഉപയോഗിച്ചു വരുന്നു. |
| (സി) | കേരള വാട്ടർ അതോറിറ്റിയുടെ പരാതി പരിഹാര പോർട്ടലുകൾ പൂർണ്ണമായി ഉപയോഗത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ പരാതികൾ പരിഹരിക്കുന്നതിന് പരാതി പരിഹാര പോർട്ടൽ Aqualoomഉപയോഗിച്ചു വരുന്നു.ഈ സംവിധാനം വഴി പരാതികൾ നേരിട്ട് ഓഫീസർക്കു ലഭ്യമാകുകയും പരാതിയുടെ തൽസ്ഥിതി പരാതിക്കാരന് മനസ്സിലാക്കുവാനും സാധിക്കുന്നു. പരാതികൾ വേഗത്തിൽ തീർപ്പ് കല്പിക്കുകയും എസ് എം എസ് വഴി വിവരങ്ങൾ പരാതിക്കാരന് ലഭ്യമാക്കുവാനും സാധിക്കുന്നു. നാളിതുവരെ പോർട്ടലുകൾ മുഖേന ലഭ്യമായ പരാതികളിൽ 84 % നു മുകളിൽ പരാതികൾ പൂർണമായും പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പേപ്പർലെസ് ഓഫീസ് എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റി ഓഫീസിൽ ഡിജിറ്റൽ ഫയൽ മൂവ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | KWA യുടെ എല്ലാ ഓഫീസുകളിലും പേപ്പർലെസ് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനം (DDFS) നടപ്പിലാക്കിയിട്ടുണ്ട്. 433 ഓഫീസുകളിൽ ആയി 4119 ജീവനക്കാർ DDFS ഉപയോഗിച്ച് ഫയൽ നടപടികൾ ത്വരിത വേഗത്തിൽ തീർപ്പ് കല്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഗണ്യമായ രീതിയിൽ പേപ്പർ ഉപയോഗം കുറയ്ക്കുവാനും അതുവഴി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്. DDFSന്റെ സെർവർ സംവിധാനം സ്റ്റേറ്റ് ഡാറ്റ സെന്ററിലേക്ക് മാറ്റിയത് വഴി തടസമില്ലാതെ, കാര്യക്ഷമമായി ഈ സംവിധാനം ഉപയോഗിക്കുവാനും സാധിക്കുന്നു. |
| (ഇ) | ക്വിക്ക് പേ ആപ്ലിക്കേഷൻ യൂസർ ഫ്രണ്ട്‌ലി ആണോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ഇ) | കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ് അടയ്ക്കുവാനായി ഉപയോഗിക്കുന്ന QUICK PAY ഓൺലൈൻ സംവിധാനം വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും മൊബൈലിലും ഉപയോഗിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. ഉപഭോക്താവിന് അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ ഉപയോഗിച്ച് ബില്ലിന്റെ വിശദാംശങ്ങൾ അറിയുവാനും ബിൽ അടയ്ക്കുവാനും സാധിക്കുന്നു. വിവിധങ്ങളായ payment gateway കളിലൂടെയും card ഉം UPI യും NET BANKING തുടങ്ങിയ മാർഗങ്ങളിലൂടെയും വാട്ടർ ചാർജ് quick pay മുഖേന അടയ്ക്കുവാനുള്ള സംവിധാനം നിലവിൽ ഉണ്ട്. നിലവിൽ 50% നു മുകളിൽ ഉപഭോക്താക്കൾ ക്വിക്ക് പേ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ